ല്ല. എന്നാൽ അവക്ക് എഴുതാനും വായിയ്ക്കാനും അറിവുണ്ടായിരുന്നോ എന്നറിയാമോ?

രാമവമ്മതമ്പുരാൻ—അന്വേഷിച്ചിട്ടില്ല.

മിസ്റ്റർ ടി. എ രാമചന്ദ്രയ്യർ.—അവക്ക് കൊടുക്കാതിരിക്കാൻ തക്ക കാരണങ്ങളും പറയുന്നുണ്ടോ?

രാമവമ്മതമ്പുരാൻ—എഴുതി ചോദിച്ചിട്ടുണ്ട്.

244. മിസ്റ്റർ കെ. പി. വള്ളോൻ.—അധ്യാപകത്തിനു സ്കൂൾ വഷാരംഭത്തിൽ പുസ്തകം മുതലായത് കൊടുക്കാത്തതുകൊണ്ട് അവരുടെ വല്ല ആവലാതിയും സംരക്ഷകന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനു എന്തു നിവാരണമാണ് ചെയ്തുകൊടുത്തിട്ടുള്ളതു?

രാമവമ്മ തമ്പുരാൻ—ഇല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പേപ്പറുകളിൽ ചില ലേഖനങ്ങൾ കാൺകയുണ്ടായി. അതു സംരക്ഷകൻ കണ്ടിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ—നിശ്ചയമില്ല.

245. മിസ്റ്റർ കെ. പി. വള്ളോൻ.—ചാലക്കുടിയിൽ വിജയരാഘവപുരം പുലയകാളനായിലുള്ള സ്കൂളിലെ ഉച്ചഭക്ഷണം ഉണ്ടാക്കികൊടുക്കുന്നതിനുള്ള കൺട്രാക്ടറു ലഭിയ്ക്കുന്നതിനു കാളനി നിവാസികളായ അധ്യാപകർ അയച്ചിട്ടുള്ള ഹർജി ഗവമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അയതു അധ്യാപകക്കു കൊടുക്കുന്നതിനു എന്താണ് വിരോധം; ആ കൺട്രാക്ടറു അക്കാണു കൊടുത്തതു?

രാമവമ്മ തമ്പുരാൻ—ഉണ്ടു. ചാലക്കുടി വിജയരാഘവപുരം കാളനി സ്കൂളിൽ പുലയരും പറയരും പഠിയ്ക്കുന്നുണ്ടു. പുലയർ പാകം ചെയ്താൽ പറയക്കും, പറയർ പാകം ചെയ്താൽ പുലയക്കും ഭക്ഷിയ്ക്കുവാൻ സമ്മതമില്ല. അതുകൊണ്ടാണു ഉച്ചഭക്ഷണം സ്കൂൾ ഹെഡ്മാസ്റ്റർ മിസ്റ്റർ പി. എസ്. രാമകൃഷ്ണയ്യർ മുഖാന്തിരം കഴിഞ്ഞ ആറുകൊല്ലമായി നടത്തിവരുന്നതു.

മിസ്റ്റർ കെ. പി. വള്ളോൻ—ഈ ഹർജിയിൽ പറയന്മാരായി വല്ല അപേക്ഷകന്മാരുമുണ്ടായിരുന്നോ?

രാമവമ്മതമ്പുരാൻ—നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly